## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 693** **28.09.2011-ൽ മറുപടിയ്ക്ക്**

**ക്യാൻസർ രോഗികൾക്കുളള ചികിത്സാ സഹായം**

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. പി. തിലോത്തമൻ:** | **ശ്രീ. അടൂർ പ്രകാശ്**<br>**(ആരോഗ്യവും കയറും വകുപ്പു മന്ത്രി)** |
| (എ) ക്യാൻസർ രോഗികൾക്ക് ചികിത്സാ സഹായമായി എന്തൊക്കെയാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ; അവർക്ക് സൗജന്യമായി മരുന്നു നൽകാൻ നടപടി സ്വീകരിക്കുമോ; | (എ) ക്യാൻസർ രോഗികൾക്ക് സർക്കാരിൽ നിന്ന് താഴെപ്പറയുന്ന ക്ഷേമപദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.<br>1. പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധി.<br>2. RAN (രാഷ്ട്രീയ ആരോഗ്യ നിധി)<br>3. പട്ടികവർഗ്ഗക്കാർക്കുള്ള സമഗ്ര ആരോഗ്യ പരിചരണ പദ്ധതി.<br>4. ക്യാൻസർ സുരക്ഷാ സ്കീം<br>5. താലോലം<br>6. എൻഡോസൾഫാൻ ദുരന്ത ബാധിതർക്കുള്ള ചികിത്സാ സഹായം.<br>കൂടാതെ സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് റ്റു ദി പുവർ (SMAP) പദ്ധതി പ്രകാരം വാർഷിക വരുമാനം 24,000/- രൂപയിൽ താഴെയുള്ള ക്യാൻസർ രോഗികൾക്ക് പരമാവധി 10,000/- രൂപ വരെ ചികിത്സാ സഹായം നൽകി വരുന്നു. തിരുവനന്തപുരം ആർ. സി. സി യിൽ പ്രവർത്തിക്കുന്ന സൗജന്യ ഡ്രഗ് ബാങ്കിൽ ലഭ്യമായ മരുന്നുകൾ നിർദ്ധനരായ രോഗികൾക്ക് സൗജന്യമായി നൽകുന്നു. |

(ബി) 15 വയസ്സിൽ താഴെയുള്ള കാൻസർ രോഗികളായ കുട്ടികളുടെ ചികിത്സാ ചെലവ് മുൻപ് സർക്കാരാണ് നൽകിയിരുന്നത്. എന്നാൽ ഇപ്പോൾ പ്രസ്തുത ചെലവ് നൽകാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; ഈ സാമ്പത്തിക സഹായം പുനഃസ്ഥാപിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

(ബി) 18 വയസ്സുവരെയുള്ള ക്യാൻസർ രോഗികളായ കുട്ടികൾക്കുള്ള സൗജന്യ ചികിത്സാ സർക്കാർ ഇപ്പോഴും നൽകി വരുന്നു. ഈ പദ്ധതിയുടെ നിർവ്വഹണ ചുമതല സാമൂഹ്യ സുരക്ഷ മിഷനാണ്. 1.11.2008 മുതൽ ഈ പദ്ധതി നിലയ്ക്കാതെ തന്നെ തുടർന്നു വരുകയാണ്.

(സി) കാൻസർ, കിഡ്നി, ഹൃദയ സംബന്ധമായ രോഗങ്ങൾ പോലെയുള്ള ഗുരുതര രോഗങ്ങൾക്ക് ഗുണനിലവാരമുള്ള മരുന്നുകൾ ന്യായ വിലയ്ക്ക് വിപണിയിൽ ലഭ്യമാക്കുവാനും അവയ്ക്ക് നികുതി ഒഴിവാക്കുവാനും നടപടി സ്വീകരിക്കുമോ;

(സി) ക്യാൻസർ, കിഡ്നി, ഹൃദയ സംബന്ധമായ രോഗങ്ങൾക്കുള്ള മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ സംവിധാനമുണ്ട്. വിപണിയിൽ മരുന്നുകൾക്ക് അധിക വില ഈടാക്കാതിരിക്കാൻ നടപടി സ്വീകരിയ്ക്കാറുണ്ട്; നികുതി ഒഴിവാക്കുന്ന കാര്യം പരിശോധിച്ചു മാത്രമേ തീരുമാനം കൈകൊള്ളാൻ കഴിയുകയുള്ളൂ.

സെക്ഷൻ ഓഫീസർ